66 (1610) വയനാട് ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജ്

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് പുതുതായി ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് ആരംഭിക്കുന്നതെന്ന് തീരുമാനമെടുത്തോ;

(ബി) കോളേജിന്റെ പ്രവർത്തനം ഈ വിദ്യാഭ്യാസ വർഷം തന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ മാനന്തവാടിയിൽ സർക്കാർ മേഖലയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ അദ്ധ്യയന വർഷം (1999-2000) തന്നെ പ്രസ്തുത കോളേജ് പ്രവർത്തനം ആരംഭിക്കുന്നതാണ്.

67 (1611) സ്വകാര്യ മാനേജ്മെന്റുകൾക്ക് പുതിയ സാങ്കേതിക കോളേജ്

ശ്രീ. എഴുകോൺ നാരായണൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മാനേജ്മെന്റുകൾ ഈ അദ്ധ്യയനവർഷം പുതിയ സാങ്കേതിക കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതിക്ക് അപേക്ഷിച്ചിരുന്നുവോ; എങ്കിൽ ഏതെല്ലാം മാനേജ്മെന്റുകൾ;

(ബി) സ്വകാര്യ മാനേജുമെന്റുകൾക്ക് എത്ര പുതിയ സാങ്കേതിക കോളേജുകൾ ആരംഭിക്കാൻ അനുവാദം നൽകി;

(സി) അനുവാദം നല്കാത്തപക്ഷം അതിനുള്ള കാരണമെന്ത്;

(ഡി) ഇവ സ്ഥാപിക്കാൻ അഖിലേന്ത്യാ ടെക്നിക്കൽ എഡ്യൂക്കേഷൻ കൗൺസിലിന്റെ അനുമതി ലഭിച്ചുവോ?

ഉത്തരം

(എ) ഉണ്ട്. വിശദവിവരം അനുബന്ധം† ഒന്നിൽ ചേർത്തിട്ടുണ്ട്.

(ബി) സ്വകാര്യ മാനേജ്മെന്റുകൾക്ക് സാങ്കേതിക കോളേജുകൾ ആരംഭിക്കാൻ അനുവാദം നല്കിയിട്ടില്ല.

(സി) ഗവണ്മെന്റ്, അർദ്ധ ഗവണ്മെന്റ് സഹകരണം എന്നീ മേഖലയിൽ സ്ഥാപിക്കാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

(ഡി) അനുമതി നല്കിയിട്ടുള്ളതായി സംസ്ഥാന സർക്കാരിന് അറിവില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly